Malappuram District Police

## 12/11/2017 എടക്കര

ആഡംബര ബൈക്കുകൾ മോഷ്ടിച്ചു വിൽക്കുന്ന കുട്ടിമോഷ്ടാക്കളുടെ സംഘത്തെ പൊലീസ് അറസ്റ്റ് ചെയ്തു. 14 ബൈക്കുകൾ പൊലീസ് കണ്ടെടുത്തു. ആറു പേരെയാണ് പോത്തുകല്ല് പൊലീസ് അറസ്റ്റ് ചെയതത്. ഇന്നലെ പുലർച്ചെ ആനക്കല്ല് ഭാഗത്ത് വാഹന പരിശോധനയ്ക്കിടെ മോഷ്ടിച്ച ബൈക്കുമായി പ്രതികൾ പിടിയിലാകുകയായിരുന്നു. പത്തംഗ സംഘം മൂന്നു ഗ്രൂപ്പായി തിരിഞ്ഞാണ് മോഷണം നടത്തിയിരുന്നത്.

കോഴിക്കോട് നല്ലളം, കുറ്റിക്കാട്ടൂർ, മെഡിക്കൽ കോളജ്, പുതിയ ബസ് സ്റ്റാൻഡ്, മുക്കം, മലപ്പുറം ജില്ലയിലെ മഞ്ചേരി, നിലമ്പൂർ, മമ്പാട്, വണ്ടൂർ, അരീക്കോട്, കൊണ്ടോട്ടി പാലക്കാട് ജില്ലയിലെ ഷൊർണൂർ, മണ്ണാർക്കാട്, കോങ്ങാട് എന്നിവിടങ്ങളിൽനിന്നാണ് സംഘം ഇരുപതോളം ബൈക്കുകൾ മോഷ്ടിച്ചത്. എടവണ്ണ, മമ്പാട്, പോത്തുകല്ല്, ഗൂഡല്ലൂർ ഭാഗങ്ങളിൽ സ്കൂൾ വിദ്യാർഥികൾക്കാണ് ബൈക്കുകൾ വിറ്റുവരുന്നത്. ബൈക്കുകൾ എടവണ്ണ, മഞ്ചേരി എന്നിവിടങ്ങളിലെ പൊളിമാർക്കറ്റുകളിൽ 2,000 രൂപയ്ക്കുവരെ വിറ്റിട്ടുണ്ട്.

വീടുകൾ, കടകൾ, ബസ് സ്റ്റാൻഡുകൾ എന്നിവിടങ്ങളിൽ നിർത്തിയിടുന്ന ബൈക്കുകളുടെ സ്വിച്ച് വയർ ഒരാളെത്തി മുറിച്ചുവയ്ക്കും. ഹാൻഡിൽ ലോക്കും പൊട്ടിക്കും. പിന്നീട്, സംഘത്തിലെ മറ്റൊരാളെത്തി തന്ത്രപരമായി ഓടിച്ചുപോവുകയുമാണ് ചെയ്യുക. ഡിവൈഎസ്പി എം.പി.മോഹനചന്ദ്രൻ, എടക്കര സിഐ പി.അബ്ദുൽ ബഷീർ, പോത്തുകല്ല് എസ്ഐ കെ.ദിജേഷ്, എഎസ്ഐ കെ.ജി.ജോസ്. സിപിഒമാരായ മുജീബ്, രാജേഷ്, സുരേഷ്, സലിൽബാബു, എം.എസ്.ബൈജു, ഹർഷാദ്, എസ്.ശ്രീകാന്ത്, സക്കീർ ഹുസൈൻ, സുധീർ, നൗഷാദലി, ഫിർദൗസ്, മൻസൂർ എന്നിവർ അന്വേഷണ സംഘത്തിലുണ്ടായിരുന്നു.